LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ ഭിത്തിയൊരുക്കുന്നുണ്ട്. സിൽവർ ലൈനിന്റെ ട്രാക്ക് 137 കിലോമീറ്ററോളം ദൈർഘ്യത്തിൽ മേൽപ്പാത, തുരങ്കം, വയഡക്ട് എന്നിവയിലൂടെയാണെന്നതിനാൽ ഇവിടങ്ങളിൽ സഞ്ചാരസ്വാതന്ത്ര്യത്തിന് ഒരു തടസ്സമുണ്ടാവില്ല. മറ്റിടങ്ങളിൽ പാത മുറിച്ചുകടക്കൽ സൗകര്യത്തിനായി ഓരോ അഞ്ചുമീറ്ററിലും അടിപ്പാതകളോ മേൽപ്പാതകളോ സിൽവർലൈൻ ട്രാക്കിന് കുറുകെയുണ്ടാവുകയും ചെയ്യും. ജനസാന്ദ്രത കൂടിയ വികസിത നഗരഭാഗങ്ങളിലൂടെയാണ് റെയിൽവെ ലൈൻ കടന്നുപോവുന്നതെന്നതിനാൽ തിരുവനന്തപുരത്തിനും കാസർഗോഡിനുമിടയിലെ അസംഖ്യം വളവുകൾ നിറഞ്ഞ ഭാഗം നിവർത്തുന്നത് പ്രായോഗികമല്ല. തിരൂർ-തിരുവനന്തപുരം ഭാഗത്തെ അപേക്ഷിച്ച് താരതമ്യേന വളവുകളിൽ കുറവുള്ളതുകൊണ്ട് മാത്രമാണ് സിൽവർ ലൈൻ പാത തിരൂർ മുതൽ കാസർഗോഡ് വരെ നിലവിലെ പാതയ്ക്ക് സമാന്തരമായി നിശ്ചയിച്ചത്. തലസ്ഥാനത്തുനിന്ന് തിരൂർ വരെയുള്ള ട്രാക്ക് കൊടുംവളവുകളും കയറ്റിറക്കങ്ങളും നിറഞ്ഞതാണ്. മാത്രമല്ല ഇവിടങ്ങളിൽ പാത കടന്നുപോവുന്നത് അധികവും നഗര സ്വഭാവമുള്ള, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകൾക്കടുത്ത് കൂടിയാണ്. അതിനാൽ തന്നെ ഭൂമിയേറ്റെടുക്കൽ പ്രക്രിയ വ്യാപകമായ എതിർപ്പും വലിയ കാലതാമസവും വരുത്തിവയ്ക്കും. നൂറുകണക്കിന് ടെയിനുകളാണ് നിലവിലെ ട്രാക്കിൽ സംസ്ഥാനത്ത് സർവീസ് നടത്തുന്നത് എന്നിരിക്കെ വളവുകൾ ഇനി നിവർത്താൻ സാധിച്ചാൽപ്പോലും ടെയിൻ സാന്ദ്രത കാരണം ശരാശരി 90 കിലോമീറ്റർ വേഗതപോലും കൈവരിക്കാൻ സാധിക്കില്ല. ആയതിനാൽ നിലവിലെ ബ്രോഡ്ഗേജ് പാത ഇരട്ടിപ്പിച്ചതുകൊണ്ട് കേരളത്തിലെ റെയിൽപാതയിലൂടെ അതിവേഗ യാത്ര സാധ്യമാവില്ല. മാത്രമല്ല നിലവിലെ ടെയിനുകളിലേറെയും പുതിയ പാതയിലേയ്ക്ക് മാറിയാൽ ടെയിനുകളുടെ സാന്ദ്രത കാരണം അതിവേഗ യാത്രയും സാധ്യമാവില്ല. നിലവിലെ റെയിൽപാത നഗര വികസനം കൂടുതലുള്ള ജനവാസ മേഖലകളിലൂടെയാണ് കൂടുതലായി കടന്നുപോവുന്നത് എന്നതിനാൽ പാത നവീകരണം പ്രായോഗികമല്ല. കേരളത്തിൽ പ്രധാനമായും 4 വിമാനത്താവളങ്ങളാണ് സർവ്വീസ് നടത്തുന്നത്. എന്നാൽ, യാത്ര ചെലവ് കൂടി കണക്കിലെടുത്താൽ ഇത് ടെയിൻ യാത്രയെ അപേക്ഷിച്ച് സാധാരണക്കാർക്ക് ഒട്ടും താങ്ങാവുന്ന ഒന്നല്ല.

സർട്ടിഫിക്കറ്റുകൾക്ക് പകരം സത്യവാങ്മൂലം

5 (5) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജോലികൾക്കും പരീക്ഷകൾക്കും മറ്റു സേവനങ്ങൾക്കും അപേക്ഷിക്കുമ്പോൾ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതിനുപകരം സത്യവാങ്മൂലം ആവശ്യപ്പെടുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്ന് മുതൽക്കാണ് ഇത് നടപ്പാക്കുക; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധമായി ഉത്തരവുകളെന്തെങ്കിലും പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) നാലാം ഭരണപരിഷ്കാര കമ്മീഷന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അത്യാവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് നിർത്തലാക്കുവാനും കഴിയുന്നിടത്തോളം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ/ സത്യവാങ്മൂലം നൽകുന്ന സംവിധാനം നടപ്പിലാക്കാനും തീരുമാനിച്ചുകൊണ്ട് 13-8-2021-ലെ ജി.ഒ.(എം.എസ്) നം.19/2021/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*). സ്ഥിരമായ എല്ലാ സർട്ടിഫിക്കറ്റുകളും ഡിജിലോക്കർ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നൽകുന്നതിനും അവ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, മറ്റ് റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സത്യവാങ്മൂലം മാത്രം സമർപ്പിച്ചാൽ ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ കണ്ടെത്തുവാനും അത്യാവശ്യമല്ലാത്ത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്.

സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനം

6 (6) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി സൃഷ്ടിച്ച ദുർഘട സാഹചര്യത്തിൽ അധികാരത്തിലേറിയ ഈ സർക്കാർ എല്ലാവരെയും ഉൾച്ചേർക്കുന്ന സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനത്തിന് പ്രാരംഭം കുറിക്കുന്നതിന് പ്രഖ്യാപിച്ച നൂറുദിന പരിപാടികൾ ലക്ഷ്യം സഫലീകരിക്കുന്നതിൽ വിജയിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ജനങ്ങളുടെ ക്ഷേമ, വികസനാവശ്യങ്ങൾ സമയബന്ധിതമായും ആസൂത്രിതമായും നിറവേറ്റുന്നതിന് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി)ഉണ്ട്. നൂറുദിന കർമ്മ പരിപാടിയിൽ 32 വകുപ്പുകളിൽ നിന്നായി 181 പദ്ധതികൾ ഉൾക്കൊള്ളിച്ചതിൽ 100 ദിവസങ്ങൾക്കുള്ളിൽ 137 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്, അവശേഷിക്കുന്ന 44 പദ്ധതികൾ പൂർത്തീകരണപാതയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.